LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

202 (5092) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൈത്തറി മേഖലയിൽ സഹകരണ സ്ഥാപനങ്ങൾക്കും കൈത്തറി തൊഴിലാളികൾക്കുംവേണ്ടി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയത് ;

(ബി) പ്രസ്തുത പദ്ധതികളുടെ പേരും ചെലവായ തുകയും എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൈത്തറി സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് :

1. സംഘങ്ങളുടെ പ്രവർത്തന മൂലധനമായി സർക്കാർ ഓഹരി പങ്കാളിത്തം.

2. പീഡിത കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, ഫാക്ടറി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, ഉല്പന്ന വൈവിധ്യവൽക്കരണം എന്നിവയ്ക്കുള്ള സഹായ പദ്ധതി.

3. ടെക്നോളജി അപ്ഗ്രഡേഷൻ

4. എക്സിബിഷൻ ഗ്രാന്റ്

5. തൊഴിലാളികളുടെ അംശദായ മിതവ്യയ ഫണ്ടിന് സർക്കാർ വിഹിതം.

6. അംശദായ മിതവ്യയ പദ്ധതിയിലെ അംഗങ്ങളായിരുന്ന സംഘത്തിൽനിന്നും പിരിഞ്ഞുപോയവർക്കുള്ള സഹായം.

7. കോഴിക്കോട് ജില്ലാ യാൺ ബാങ്കിന് മാർജിൻമണി.

8. കഴിനൂൽ സബ്സിഡി, ചായം, രാസവസ്തു സബ്സിഡി

9. റിബേറ്റ്, മാർക്കറ്റിംഗ് ഇൻസെന്റീവ്.

10. ആരോഗ്യ ഇൻഷ്വറൻസ്, മഹാത്മാഗാന്ധി ബങ്കർ ഭീമായോജന പദ്ധതി പ്രകാരം ഇൻഷ്വറൻസ് ആനുകൂല്യം.

(ബി) 1. സർക്കാർ ഓഹരി പങ്കാളിത്തം 23,36,000 രൂപ

2.	പ്രവർത്തന മൂലധനം, ഫാക്ടറികെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, ഉല്പന്ന വൈവിധ്യവൽക്കരണം എന്നിവയ്ക്കുള്ള സഹായ പദ്ധതി (ഫ്ളാഗ്ഷിപ്പ് സ്കീം)	3,40,000 രൂപ
3.	ടെക്നോളജി അപ്ഗ്രഡേഷൻ	1,10,000 രൂപ
4.	പ്രോഡക്റ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്	1,51,070 രൂപ
5.	എക്സിബിഷൻ ഗ്രാന്റ്	2,15,904 രൂപ
6,	അംശദായ മിതവ്യയ ഫണ്ടിന്റെ ഗവൺമെന്റ് കോൺട്രിബ്യൂഷൻ	1,79,034 രൂപ
7.	സംഘത്തിൽനിന്നും പിരിഞ്ഞുപോയ നെയ്ത്തുകാർക്ക് അംശദായ ഫണ്ട് ഇനത്തിൽ നൽകിയ തുക	2,05,227 രൂപ
8.	റിബേറ്റ്	35,75,191 രൂപ
9.	മാർക്കറ്റിംഗ് ഇൻസെന്റീവ്	15,11,093 രൂപ
10.	യാൺ ബാങ്കിന് നൽകിയ സാമ്പത്തിക ധനസഹായം (മാർജിൻ മണി)	27,00,000 രൂപ
11.	കഴിനൂൽ സബ്സിഡി	12,72,468 രൂപ
12.	ഡൈസ് & കെമിക്കൽസ് സബ്സിഡി	1,98,207 രൂപ

കൂടാതെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 185 തൊഴിലാളികളേയും, മഹാത്മാഗാന്ധി ബങ്കർ ഭീമ യോജന പദ്ധതിയിൽ 147 തൊഴിലാളികളേയും ചേർക്കുകയും അവരുടെ അംഗത്വം വർഷാവർഷം പുതുക്കുകയും ചെയ്യുന്നുണ്ട്.

ചേലേമ്പ്ര യൂറോസ്പിൻ മിൽ

203 (5093) ശ്രീ. കെ. മുഹമ്മദണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിക്കടുത്ത ചേലേമ്പ്ര യൂറോസ്പിൻ മില്ലിന്റെ സ്ഥലത്ത് പുതിയ വ്യവസായ സംരംഭം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഇതിനകം എന്തെങ്കിലും നടപടി ആരംഭിച്ചിരുന്നുവോ ;

(ബി) മലപ്പുറം ജില്ലാ കളക്ടറും വ്യവസായ കേന്ദ്രവും ഇത് സംബന്ധമായി നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly